# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.197 08-03-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ</u>**

| | | |
|---|---|---|
| (എ) | ധൂർത്ത് ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിച്ചില്ലെങ്കിൽ സംസ്ഥാനം ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച 16.08 ശതമാനമായിരുന്നു. എന്നാൽ 2017 നവംബർ വരെയുള്ള കാലയളവിൽ രേഖപ്പെടുത്തിയത് 5.2 ശതമാനം മാത്രമായിരുന്നു. ഇതേ കാലയളവിൽ മുൻകാലത്തെ അപേക്ഷിച്ച് കേന്ദ്ര ധനസഹായത്തിൽ 25.15 ശതമാനത്തിന്റെ വളർച്ച മാത്രമാണ് ഉണ്ടായത് ഇങ്ങനെ മൊത്തം റവന്യൂ വരുമാനം 7.7 ശതമാനം വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് 22 ശതമാനവും പദ്ധതിയിതര ചെലവ് 21 ശതമാനവും ഉയർന്നു. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ പദ്ധതിപ്പണം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയും പൂർത്തിയാകാത്ത പദ്ധതികൾ e-LAMS രജിസ്റ്ററിലേയ്ക്ക് രേഖപ്പെടുത്തിയുമാണ് പ്രധാനമായും മുകളിൽ പ്രതിപാദിച്ച ധനപ്രതിസന്ധി പരിഹരിച്ചിരുന്നത്. ടി പ്രവണത അഭിലഷണീയമല്ല. കൂടാതെ ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാദ്ധ്യസ്ഥവുമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. |

| | | |
|---|---|---|
| (ബി) | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.<br>(i) അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക്സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പിൽ 2873, ആരോഗ്യ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലായി 3746 തസ്തികകളും അടക്കം 12685 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിയമന നിരോധനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.<br>(ii) നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കുശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.<br>(iii) സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. പതിനാല് ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.<br>(iv) അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ |
| (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കർശന നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് നിയമനിരോധനം നടപ്പിലാക്കുന്നതിന്റെ പ്രാരംഭമാണോയെന്ന് വ്യക്തമാക്കുമോ ; | |

| | | |
|---|---|---|
| | | അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്. |
| (ഡി) | വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | ജി.എസ്.ടി.യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.<br>2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി 2018 ജൂൺ 10 വരെ നീട്ടിയിട്ടുണ്ട്.<br>3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.<br>4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.<br>6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.<br>7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.<br>8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% |

| | | |
|---|---|---|
| | | വർദ്ധിപ്പിക്കും.<br>9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി. |
| (ഇ) | 2014-ലെ ഭൂനികുതി ഓർഡിനൻസ് വഴി മുൻസർക്കാരിന്റെ കാലത്ത് ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ ശക്തമായി എതിർപ്പുണ്ടായതിനെ തുടർന്ന് നികുതി വർദ്ധനവ് പിൻവലിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | കേരള ഭൂനികുതി ഓർഡിനൻസ് 2014 പ്രകാരം വർദ്ധിപ്പിച്ച നികുതി നിരക്കുകൾ 2018-19-ലെ ബജറ്റിലൂടെ പുനസ്ഥാപിച്ചിട്ടുണ്ട്. പ്രാബല്യത്തിലുള്ള നികുതി നിരക്കുകൾ യുക്തിസഹമല്ലാത്തതിനാലാണ് ഇത്തരത്തിലൊരു മാറ്റം പ്രാബല്യത്തിൽ വരുത്തിയത്. . |
| (എഫ്) | പ്രസ്തുത നികുതി നിർദ്ദേശം പുനസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് അടിസ്ഥാനമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | |
| (ജി) | ഇ-ഗവേണൻസ് നടപ്പിലാക്കിയ സാഹചര്യത്തിൽ പല വകുപ്പുകളിലും ജീവനക്കാർ അധികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പുനർവിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ഇക്കാര്യം വിലയിരുത്തിയിട്ടില്ല |

അക്കൗണ്ട്സ് ഓഫീസർ